# മലയാള മനോരമ (20/05/2014)

## ജയിലിൽ 2000 മഴക്കുഴികൾ; തടവുകാരെ

# വീഴ്ത്താനല്ല; മഴ കൊയ്യാൻ

**ആറു ലക്ഷത്തിന്റെ വെള്ളക്കരം ലാഭിക്കും; പാചകത്തിനും കുടിവെള്ളത്തിനും മാത്രം സർക്കാർ വെള്ളം മതിയാകും**

**ജി. വിനോദ്**

തിരുവനന്തപുരം ● സംസ്ഥാന ജയിലുകളിൽ മഴവെള്ളം സംഭരിക്കാനായി രണ്ടായിരത്തിലേറെ മഴക്കുഴികൾ കാലവർഷത്തിനു മുൻപേ സജ്ജം. ആയിരത്തിലേറെ മഴക്കുഴികൾ കൂടി ഉടൻ നിർമിക്കും. ഇതെല്ലാം പൂർത്തിയാകുന്നതോടെ പാചകത്തിനും കുടിവെള്ളത്തിനും മാത്രം ജല അതോറിറ്റിവെള്ളം മതിയാകും. വെള്ളക്കരം ഇനത്തിൽ ആറു ലക്ഷം രൂപയെങ്കിലും പ്രതിമാസം ഇതുവഴി ലാഭിക്കാനാകുമെന്നാണു പ്രതീക്ഷയെന്നു ജയിൽ മേധാവി ടി.പി. സെൻകുമാർ പറഞ്ഞു.

മൂന്നു സെൻട്രൽ ജയിലുകളിലും രണ്ടു തുറന്ന ജയിലുകളിലുമായാണു 2000 മഴക്കുഴികൾ എടുത്തത്. ഇവ വേനൽ മഴയ്ക്കു മുൻപേ പൂർത്തിയാക്കിയതിനാൽ വേനൽ മഴവെള്ളം മിക്കവാറും സംഭരിക്കാനായി. ജയിലിലെ കുളങ്ങളിലും കിണറുകളിലുമെല്ലാം ഇപ്പോൾ നിറയെ വെള്ളമുണ്ട്. മറ്റു ജയിലുകളിലും മഴക്കുഴി നിർമാണം പുരോഗമിക്കുന്നു. പൂജപ്പുര സെൻട്രൽ ജയിലിലെ രണ്ടു കുളങ്ങൾ വിപുലീകരിക്കുന്നു. കഴിഞ്ഞ വർഷം വെള്ളക്കരം ഇനത്തിൽ ചെലവായത് 58.22 ലക്ഷം രൂപയാണ്. പൂജപ്പുര സെൻട്രൽ ജയിലിൽ മാത്രം ഇപ്പോൾ പ്രതിമാസം എട്ടു ലക്ഷം രൂപ വെള്ളക്കരം അടയ്ക്കുന്നുണ്ട്. വെള്ളക്കരം കുടിശിക 1.28 കോടി രൂപയായി. കേരളത്തിലെ 52 ജയിലുകളിൽ പകുതിയിലും കുളവും കിണറുമുണ്ട്. ഇവ ഉള്ള സ്ഥലങ്ങളിലാണു മഴക്കുഴി നിർമിക്കുന്നത്.

ജയിലുകളിലെ സൗരോർജ പദ്ധതിയിൽ നിന്നു കുടുതൽ വൈദ്യുതി ലഭ്യമാക്കാനുള്ള ശ്രമവും ആരംഭിച്ചു. 26 കോടി രൂപ ചെലവിൽ 1078 കിലോവാട്ട് വൈദ്യുതി ഉൽപാദനം ലക്ഷമിട്ടാണു സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചത്. മൂന്നു സെൻട്രൽ ജയിൽ, രണ്ടു തുറന്ന ജയിൽ, 41 മറ്റു ജയിലുകൾ എന്നിവിടങ്ങളിലാണ് ഈ പദ്ധതി. ഇപ്പോൾ 878 കിലോവാട്ടിന്റെ പദ്ധതി പൂർത്തിയായി. ലഭിക്കുന്ന വൈദ്യുതിയിൽ 200 കിലോവാട്ട് പാചകത്തിനും ബാക്കി സെല്ലുകളിൽ ലൈറ്റ്, ഫാൻ എന്നിവ പ്രവർത്തിപ്പിക്കാനും ഉപയോഗിക്കുന്നു. ഇതുവഴി വൈദ്യുതി ഇനത്തിൽ മാസം മൂന്നര ലക്ഷവും പാചകവാതക ചെലവിൽ ഒന്നര ലക്ഷവും ജയിൽ വകുപ്പ് ലാഭിക്കുന്നതായി സെൻകുമാർ പറഞ്ഞു.



തിരുവനന്തപുരത്ത് പൂജപ്പുര സെൻട്രൽ ജയിലിലെ നിർമാണം പൂർത്തിയാകുന്ന മഴക്കുഴികളിൽ ഒന്ന്. മഴക്കുഴികളിലെ വെള്ളം ഊറി നിറഞ്ഞു കിടക്കുന്ന കുളം പശ്ചാത്തലത്തിൽ.

ചിത്രം: മനോരമ.